**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1477** **05/02/2019- ൽ മറുപടിയ്ക്ക്**

**കാർഷികവൃത്തിയെക്കുറിച്ച് ശാസ്ത്രീയ അറിവുകൾ നൽകാൻ നടപടി**

| **ചോദ്യം**<br>**ശ്രീ. പി. ഉണ്ണി** | **ഉത്തരം**<br>**ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്തെ ഭക്ഷ്യവിളകളിൽ അശാസ്ത്രീയ കീടനാശിനി പ്രയോഗവും, രാസവളപ്രയോഗങ്ങളും നടത്തിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കീടനാശിനികളും, രാസവളങ്ങളും ശാസ്ത്രീയമായി ഉപയോഗിക്കാൻ കൃഷിവകുപ്പ് കർഷകർക്ക് എന്തെല്ലാം മാർഗ്ഗനിർദേശങ്ങൾ ,ഏതെല്ലാം രീതിയിൽ നൽകുന്നു എന്ന് വ്യക്തമാക്കാമോ; | (ബി) കൃഷിഭവനുകൾ മുഖേനവിവിധ പരിശീലന പരിപാടികൾ കൃഷിയിട സന്ദർശനങ്ങൾ ലഘുലേഖകൾ, ബുള്ളറ്റിനുകൾ, സമൂഹമാധ്യമങ്ങൾ തുടങ്ങിയവയിലൂടെ കീടനാശിനികളും രാസവളങ്ങളും ഉപയോഗിക്കാൻ താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>• കൃഷി ഓഫീസർമാരുടെ ശുപാർശയോടെ അംഗീകൃത ഡിപ്പോകളിൽനിന്നും കീടനാശിനി വാങ്ങാൻ കർഷകർ ശ്രദ്ധിക്കുക.<br>• ക്യാഷ് ബിൽ നിർബന്ധമായും ചോദിച്ച് വാങ്ങുക.<br>• അംഗീകൃത ഡിപ്പോകളിലൂടെയല്ലാതെ കമ്പനികളോ, വിതരണക്കാരോ, ഇടനിലക്കാരോ നേരിട്ട് കീടനാശിനികൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കൃഷി ഓഫീസറെ ഉടനടി വിവരം അറിയിക്കുക.<br>• കാലാവധി കഴിഞ്ഞ കീടനാശിനികൾ വാങ്ങരുത്.<br>• കീടനാശിനി ബോട്ടിലുകൾ/ പാക്കറ്റുകളിലെ നിർദ്ദേശങ്ങളും ലഘുലേഖകളും വായിച്ച് ഉള്ളടക്കം മനസ്സിലാക്കുക, സംശയമുണ്ടെങ്കിൽ കൃഷി ഓഫീസറുടെയോ, കൃഷി ഉദ്യോഗസ്ഥരുടേയോ സഹായം തേടുക.<br>• ലേബലിലോ ലഘുലേഖയിലോ പരാമർശിക്കാത്ത പ്രയോഗ രീതികൾ അനുവർത്തിക്കരുത്. |

- വ്യാജ ഉത്പന്നങ്ങൾ വാങ്ങുന്നില്ലെന്ന് ഉറപ്പ വരുത്തുക.
- വ്യാജ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ടെന്ന ശ്രദ്ധയിൽപ്പെട്ടാൽ കൃഷി ഭവനിലും പോലീസ് സ്റ്റേഷനിലും വിവരം അറിയിക്കുക.
- ഗുണമേന്മയുള്ള, വിശ്വാസ്യതയുള്ള ഉത്പന്നങ്ങൾ, ലേബൽ/ ലഘുലേഖയിലെ നിർദ്ദേശ പ്രകാരം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ അധികാരികളോട് സഹകരിക്കുക.
- ഉപയോഗശേഷം ബാക്കി വന്ന കീടനാശിനി ഉത്പന്നങ്ങൾ സൂക്ഷിച്ചുവയ്ക്കാനും ഉപയോഗം കഴിഞ്ഞവ സുരക്ഷിതമായി ഉപേക്ഷിക്കാനും ശ്രദ്ധിക്കുക.

| | | | |
|---|---|---|---|
| (സി) | കൃഷിവകുപ്പ് കർഷകരിലേക്ക് എന്ന പ്രായോഗിക പ്രവർത്തനം കൃഷിവകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് ലഭ്യമാകുന്നില്ല എന്ന കർഷകരുടെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;ഉണ്ടെങ്കിൽ അത്തരം ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | കർഷകർക്ക് കാർഷിക വൃത്തിയെ സംബന്ധിച്ച് ശാസ്ത്രീയ അറിവുകൾ നൽകുന്നതിനായി നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | | കർഷകർക്ക് കാർഷികവൃത്തിയെയും കീടനാശിനി കളുടെയും രാസവളങ്ങളുടെയും പ്രയോഗവും സംബന്ധിച്ച് ശാസ്ത്രീയ അറിവുകൾ പ്രചരിപ്പിക്കുന്നതിന് കൃഷി ഭവനുകൾ മുഖേന പഞ്ചായത്ത്/ ബ്ലോക്ക്/ ജില്ലാ തലങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ചർച്ചാ ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുന്നു. ഇവയുടെ ശാസ്ത്രീയ ഉപയോഗം ദൃശ്യ -ശ്രവ്യ പത്രമാധ്യമങ്ങളിലൂടെ ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖേന പ്രചരിപ്പിക്കുന്നു. |

Sreedatham

**സെക്ഷൻ ഓഫീസർ**